യാണ്. അതു് അടുത്തുതന്നെ കൂടുതൽ രൂക്ഷമാവാനും സാദ്ധ്യതയുണ്ട്. ദരിദ്രരാഷ്ട്രങ്ങൾ കടം കയറി മുടിഞ്ഞാൽ നഷ്ടം ധനികരാഷ്ട്രങ്ങൾക്കുതന്നെയാണെന്നു് അവർ മനസ്സിലാക്കുന്നില്ല. ധനികരാഷ്ട്രങ്ങൾ വില്ക്കുന്ന സാധനത്തിൽ മുപ്പത്തെട്ട ശതമാനവും കൂടിയ വില കൊടുത്തു വാങ്ങുന്നതു് ദരിദ്രരാഷ്ട്രങ്ങളാണ്. ദരിദ്രർ പൊളിഞ്ഞാൽ തങ്ങൾ നിർമ്മിക്കുന്ന സാധനങ്ങൾ വില്ക്കാൻ കഴിയാതെ ധനികരും കഷ്ടപ്പെടും. ലോകം അവിഭാജ്യമാണ്. മനുഷ്യവർഗം ഒന്നാണ്. പ്രകടമായ ഈ വസ്തുത, പക്ഷേ, ധനികരാഷ്ട്രങ്ങൾക്കു് ഇനിയും വ്യക്തമായിക്കഴിഞ്ഞിട്ടില്ല.

അതുകൊണ്ടാണ്, അടഞ്ഞ വാതിലിൽ തുറക്കുംവരെ മുട്ടുക എന്ന പ്രവൃത്തി ദരിദ്രരാഷ്ട്രങ്ങൾ നിരന്തരം ആവർത്തിക്കേണ്ടിവരുന്നതു്.

(12 ജൂൺ, 1983).

# 30. അന്താരാഷ്ട്രീയ സമുദ്ര നിയമം

ഭൂമുഖത്തിൽ മുപ്പതു ശതമാനമേ കരയുള്ളു. എഴുപതു ശതമാനം സമുദ്രമാണ്.

മനുഷ്യൻ താമസിക്കുന്നതു കരയിലാണല്ലോ. അതിനാൽ മനുഷ്യനുണ്ടാക്കിയ നിയമങ്ങളും കരയിലേ ബാധകമായിരുന്നുള്ളു.

സമുദ്രം, പക്ഷേ, ഓർമ്മയ്ക്കപ്പുറത്തുള്ള കാലം മുതൽക്കേ, മനുഷ്യഗതാഗതത്തിനു് ഉപയോഗപ്പെട്ടിരുന്നു. ആദ്യം പൊങ്ങുതടികളിൽ, പിന്നെ തുഴവഞ്ചികളിൽ, ക്രമേണ പായ്ക്കപ്പലുകളിൽ, അടുത്തകാലത്തു് ആവിക്കപ്പലുകളിൽ, തുടർന്നു് എണ്ണകത്തിച്ചു കിട്ടുന്ന യന്ത്രശക്തികൊണ്ടു് ഓടുന്ന കപ്പലുകളിൽ, അവസാനം അണുശക്തിക്കപ്പലുകളിൽ—വാഹനം ഏതായാലും ലോകഗതാഗതത്തിനുള്ള തുറന്ന പാതയായിരുന്നു കടൽ, എന്നും.

മനുഷ്യനാവശ്യമുള്ള പലതും സമുദ്രത്തിനടിയിലുണ്ട്. ഉപ്പു് ഒരു ഉദാഹരണം. മത്സ്യങ്ങളും, മനുഷ്യനു തിന്നാൻ കൊള്ളാവുന്ന മററു ജീവികളും സമുദ്രത്തിൽ എമ്പാടുമുണ്ട്. സമുദ്രത്തിൽനിന്നു കിട്ടുന്ന മുത്തു്, പവിഴം, ആംബർ മുതലായ അലങ്കാരവസ്തുക്കളിൽ എക്കാലവും മനുഷ്യനു വലിയ ഭ്രമമായിരുന്നു. ഈ വിഭവങ്ങളെ ആസ്പദമാക്കി, 'രത്നാകരം' എന്ന പേർ പഴയ കാലത്തുതന്നെ ഭാരതീയർ സമുദ്രത്തിനു നല്കി.

കടലിൽനിന്നു് വിഭവങ്ങൾ ശേഖരിക്കുമ്പോഴും, കടലിലൂടെ സഞ്ചരിക്കുമ്പോഴും, വ്യത്യസ്ത ജനവിഭാഗങ്ങൾ തമ്മിൽ ഏററുമുട്ടലുകൾ ഉണ്ടാവാൻ സാദ്ധ്യതയുണ്ടല്ലോ. ഇവ ഒഴിവാക്കാനായി സമുദ്രത്തിൽ ബാധകമായ നിയമങ്ങൾ ചില രാജ്യക്കാർ ഉണ്ടാക്കാൻ തുടങ്ങി. കൈയൂക്കു നിമിത്തം കാര്യക്കാരനായി കണക്കാക്കപ്പെട്ടിരുന്നവരാണ് ആദ്യമൊക്കെ ഇത്തരം നിയമങ്ങളുണ്ടാക്കിയതു്. ദുർബലർ അവ അനുസരിച്ചും വന്നു. പിന്നീടു്, രാജ്യങ്ങൾ തമ്മിലുള്ള പരസ്പരസന്ധി ഈ നിയമങ്ങൾക്കു് ആധാരമായി.

സമുദ്രത്തിൽനിന്നു് എണ്ണ കഴിച്ചെടുത്തുതുടങ്ങിയിട്ടു് ഏതാനും വർഷങ്ങളേ ആയുള്ളു. വിസ്തൃതങ്ങളായ എണ്ണപ്പാടങ്ങൾ സമുദ്രത്തിൽ ഇതിനകം കണ്ടെത്തിയിട്ടുണ്ട്. ആഴക്കടലിൽ, ആർക്കും അധികാരമില്ലാത്ത ഒരു സ്ഥലത്തു്, രണ്ടു രാജ്യക്കാർ എണ്ണ കഴിച്ചെടുക്കാൻ മത്സരിച്ചാൽ, ഫലം എന്തായിരിക്കും? സംഘട്ടനംതന്നെ.

എണ്ണയേക്കാൾ വിലകൂടിയ ലോഹനിക്ഷേപങ്ങളും സമുദ്രത്തിൽ ഉണ്ട്. 'നോഡ്യൂൾ' എന്ന് ഇംഗ്ലീഷിൽ വിളിക്കുന്ന, ഉരുണ്ട കല്ലുകളായി കാണപ്പെടുന്ന ഇവയിൽ മാംഗനീസ്, ചെമ്പ്, തകരം, കോബാൾട്ട്, നിക്കൽ എന്നീ ലോഹങ്ങൾ അടങ്ങുന്നു. സമുദ്രതലത്തിൽ ഇവ ചിതറിക്കിടക്കുകയാണ്; വാരിയെടുത്ത് തല്ലിപ്പൊടിച്ച് ഉരുക്കി ഉപയോഗിക്കുകയേ വേണ്ടൂ. പക്ഷേ, ഒന്നുണ്ട്. വളരെ ആഴത്തിലാണ് നോഡ്യൂളുകൾ കിടക്കുന്നത്—രണ്ടും മൂന്നും മൈലും ചിലപ്പോൾ അതിലധികവും ആഴത്തിൽ. അവിടെനിന്ന് ഇവ വാരിക്കൊണ്ടുവരാനുള്ള സാങ്കേതികവിദ്യ വളർത്തിയെടുക്കണം.

ഒരേ സ്ഥലത്തു രണ്ടു രാജ്യക്കാർ നോഡ്യൂൾ വാരാൻ തുടങ്ങിയാലും ഫലം സംഘട്ടനമായിരിക്കും.

സംഘട്ടനം ഒഴിവാക്കാൻ, സമുദ്രത്തിനു മുഴുവൻ ബാധകമായ ഒരു അന്താരാഷ്ട്രീയനിയമം ഉണ്ടാക്കണമെന്ന് ഐക്യരാഷ്ട്രസമിതിക്കു തോന്നി. ഒമ്പതു വർഷം മുമ്പ്, ഇത്തരമൊരു നിയമം ഉണ്ടാക്കാൻ ഒരു ഉപസമിതിയെ (ലാ ഓഫ് ദി സീ കോൺഫറൻസ്) ഐക്യരാഷ്ട്ര സമിതി നിയമിച്ചു. ദീർഘങ്ങളായ ചർച്ചകൾക്കുശേഷം ഈ ഉപസമിതി ഒരു അന്താരാഷ്ട്രീയസമുദ്രനിയമം എഴുതിയുണ്ടാക്കി. മുന്നൂററിതൊണ്ണൂറു വകുപ്പുകളും ഒമ്പതു് അനുബന്ധങ്ങളും അഞ്ച് പ്രമേയങ്ങളുമടങ്ങിയ ബൃഹത്തായ ഈ രേഖയിൽ, ഇക്കഴിഞ്ഞ ഡിസംബറിൽ, ജമൈക്കയിൽ വച്ചു നൂററിപ്പത്തൊമ്പതു രാജ്യങ്ങളുടെ പ്രതിനിധികൾ ഒപ്പുവച്ചു.

ഇനി ഒപ്പുവച്ചവയിൽപ്പെട്ട ഏതെങ്കിലും അറുപതു രാജ്യങ്ങളിലെ സർക്കാരുകൾ ഔപചാരികമായി അംഗീകരിച്ചാൽ ഈ അന്താരാഷ്ട്രീയ നിയമം പ്രാബല്യത്തിൽ വരും.

കടൽവക്കിലുള്ള രാജ്യങ്ങളുടെ തീരക്കടലിൽ മൂന്നു മൈൽവരെ ദൂരത്തിൽ ഉള്ള സ്ഥലം അതാതു രാജ്യങ്ങളുടേതായി മുമ്പുമുതൽക്കേ കണക്കാക്കിവന്നിരുന്നു. പുതിയ നിയമപ്രകാരം പന്ത്രണ്ടു മൈൽ ദൂരംവരെയുള്ള സ്ഥലം അതാതു രാജ്യത്തിന്റേതാണ്. തീരക്കടൽ (കോസ്റ്റൽ വാട്ടേഴ്സ് അഥവാ ടെറിട്ടോറിയൽ വാട്ടേഴ്സ്) എന്നു വിളിക്കപ്പെടുന്ന ഈ പ്രദേശത്ത് അതാതു രാജ്യത്തിനു പരമാധികാരമുണ്ട്. ഈ പ്രദേശത്തുകൂടി മററു രാജ്യക്കാരുടെ കപ്പലുകൾക്കു മര്യാദയ്ക്കു കടന്നുപോകാം. പക്ഷേ, അതാതു തീരരാജ്യക്കാർക്കു മാത്രമേ ഇവിടെ മീൻപിടിക്കാനോ, മററു സാമ്പത്തികപ്രവർത്തനങ്ങൾ നടത്താനോ പാടുള്ളൂ.

കടൽത്തീരം ഒട്ടുമില്ലാത്ത ചില രാജ്യങ്ങളുണ്ടല്ലോ. നേപ്പാൾ, അഫ്ഗാനിസ്ഥാൻ എന്നിവ ഉദാഹരണം. കരയാൽ ചുററപ്പെട്ട ഇത്തരം രാജ്യങ്ങൾക്ക്, കടലിൽനിന്നു സാമാനങ്ങൾ കൊണ്ടുവരാനും, കടലിലേക്കു സാമാനങ്ങൾ അയയ്ക്കാനുമുള്ള സൗകര്യം ഇല്ല. ഭാവിയിൽ ഈ സൗകര്യം അവർക്ക് അയൽരാജ്യങ്ങൾ നൽകേണ്ടതാണെന്ന് അന്താരാഷ്ട്രീയ സമുദ്രനിയമം വ്യവസ്ഥചെയ്യുന്നു. ഇതനുസരിച്ച് നേപ്പാളിന് ഇന്ത്യയിലൂടെ, ചുങ്കം കൊടുക്കാതെ, സാമാനങ്ങൾ കൽക്കട്ടയിലുള്ള കപ്പലുകൾവഴി വരുത്താനും അയയ്ക്കാനുമുള്ള സൗകര്യം ഇന്ത്യ ഉറപ്പുവരുത്തണം. അഫ്ഗാനിസ്ഥാന് കറാച്ചിവഴി കയററിറക്കുമതിക്കു തുല്യ സൗകര്യങ്ങൾ പാക്കിസ്ഥാൻ നൽകണം.

ഡാർഡനൽസ്, ജിബ്രാൾട്ടർ, പാക്ക് മുതലായ കടലിടുക്കുകളിൽക്കൂടി, ഏതു രാജ്യത്തിന്റെ കപ്പലുകൾക്കും മേലിൽ സ്വതന്ത്രമായി കടന്നുപോകാം. തീരരാജ്യങ്ങളുടെ അധികാരം കടലിടുക്കുകൾക്കുമീതെ വിമാനത്തിലും സ്വതന്ത്രസഞ്ചാരം അനുവദിച്ചിരിക്കുന്നു. പക്ഷേ, കപ്പലുകളും വിമാനങ്ങളും കടലിടുക്കുകളിലും, അവയ്ക്കു മുകളിലും, ആവശ്യമുള്ളതിൽ

കൂടുതൽ സമയം തങ്ങുകയോ, തീരരാജ്യങ്ങളെ ഭീഷണിപ്പെടുത്തുകയോ ചെയ്യുകൂടാ എന്നു വ്യവസ്ഥചെയ്തിട്ടുണ്ട്.

കരയിൽനിന്നു പന്ത്രണ്ടു മൈലിനപ്പുറത്തു് ഇരുന്നൂറു മൈൽ ദൂരം വരെ (കരച്ചെരിവ് അടക്കം മുന്നൂററമ്പതു മൈൽ ദൂരംവരെ) ഉള്ള സ്ഥലം തീരദേശരാജ്യങ്ങളുടെ 'സ്വകാര്യ സാമ്പത്തിക മേഖല' (എക്സ്ക്ലൂസീവ് ഇക്കണോമിക് സോൺ) ആണ്. ഈ പ്രദേശത്തു് എണ്ണയും ഗ്യാസും കുഴിച്ചെടുക്കൽ, നോഡ്യൂൾ വാരൽ മുതലായ സാമ്പത്തികപ്രവത്തനങ്ങൾ നടത്താൻ തീരരാജ്യങ്ങൾക്ക മാത്രമേ അധികാരമുണ്ടാവൂ. എന്നാൽ, മററു രാജ്യക്കാരുടെ കപ്പലുകൾക്കും വിമാനങ്ങൾക്കും ഈ പ്രദേശത്തു് കടലിൽക്കൂടിയും ആകാശത്തിൽക്കൂടിയും നിർബാധം സഞ്ചരിക്കാം.

രണ്ടു രാജ്യങ്ങളുടെ നടുക്കുള്ള കടലിനു നാനൂറു മൈൽ വീതിയില്ലെങ്കിൽ, ഓരോ തീരത്തിലുമുള്ള രാജ്യങ്ങളുടെ അധികാരപരിധി കടലിൽ എത്ര ദൂരംവരെയെന്ന് ആ രാജ്യങ്ങൾ കൂടിയാലോചിച്ചു തീരുമാനിക്കണം.

'സ്വകാര്യ സാമ്പത്തികമേഖലയ്ക്കു'' അപ്പുറമുള്ള പുറംകടൽ ഒരു രാജ്യത്തിൻെറയും സ്വകാര്യസ്വത്തല്ല. ഇതു മനുഷ്യവർഗ്ഗത്തിൻെറ പൊതുസ്വത്താണെന്ന് അന്താരാഷ്ട്രീയ സമുദ്രനിയമം പ്രഖ്യാപിക്കുന്നു. ഇവിടെ നോഡ്യൂൾ വാരൽ തുടങ്ങിയ സാമ്പത്തിക പ്രവർത്തനങ്ങൾ നടത്താനുള്ള അധികാരം ഐക്യരാഷ്ട്രസമിതിക്കായിരിക്കും. സമിതി ആവശ്യക്കാർക്ക നിശ്ചിതവ്യവസ്ഥകൾക്ക വിധേയമായി ഈ പ്രവർത്തനങ്ങൾക്ക് അനുവാദം നൽകും. ഇതിനായി, ജമൈക്ക കേന്ദ്രമാക്കി ഒരു അന്താരാഷ്ട്രീയ സമുദ്ര അധികാരസമിതിയെ (ഇൻറർ നാഷണൽ അതോറിററിയെ) ഐക്യരാഷ്ട്രസമിതി രൂപവൽക്കരിക്കുന്നതാണ്. ആഴക്കടൽ ഖനനത്തിൽ മുന്നിട്ടിറങ്ങി പ്രവർത്തിക്കുന്നവരെന്ന നിലയിൽ, ചില അമേരിക്കൻ കമ്പനികളുടെ നേതൃത്വത്തിലുള്ള നാലു് അന്താരാഷ്ട്രീയക്കമ്പനികൾക്കും, ഒരു ഫ്രഞ്ച് കമ്പനിക്കും, ഒരു ജാപ്പനീസ് കമ്പനിക്കും, സോവ്യററ് യൂണിയനും, ഇന്ത്യയ്ക്കും നോഡ്യൂൾ വാരുന്നതിൽ പ്രത്യേക സൗകര്യങ്ങൾ നൽകപ്പെടും. സമുദ്രതലം സംബന്ധിച്ച് തങ്ങളുടെ ഗവേഷണങ്ങളുടെ ഫലങ്ങൾ ഇവർ എല്ലാവർക്കുമായി വെളിപ്പെടുത്തണം. എട്ടുകൊല്ലം കഴിഞ്ഞാൽ തങ്ങളുടെ പ്രവർത്തനമേഖലയിൽ പകുതി ഐക്യരാഷ്ട്രസമിതിക്ക തിരിച്ചു നൽകുകയും വേണം.

തീരരാജ്യങ്ങളുടെ സ്വകാര്യ സാമ്പത്തികമേഖലയ്ക്കകത്തു് ആർക്കും ശാസ്ത്രീയ സമുദ്ര ഗവേഷണം നടത്താം. പക്ഷേ, ഇതിനു തീരരാജ്യത്തിൻെറ അനുവാദം മുൻകൂട്ടി വാങ്ങണം.

സ്വന്തം സ്വകാര്യ സാമ്പത്തികമേഖലയിൽത്തന്നെ 200 മൈലിനപ്പുറത്തുനിന്ന് എണ്ണയോ, ഗ്യാസോ, നോഡ്യൂളോ എടുക്കുന്ന തീരരാജ്യങ്ങൾ അതിൽനിന്നുള്ള വരുമാനത്തിലൊരുഭാഗം ഐക്യരാഷ്ട്രസമിതിക്ക നൽകണം.

സമുദ്രം മലിനമാകാതെ നോക്കേണ്ടതു് എല്ലാ രാജ്യങ്ങളുടേയും ചുമതലയാണ്. കടലിൽ ജീവരക്ഷ ഉറപ്പുവരുത്താനും എല്ലാവർക്കും ബാദ്ധ്യതയുണ്ട്.

കടലിൻെറ അവകാശം സംബന്ധിച്ച രാജ്യങ്ങൾ തമ്മിലുണ്ടാകുന്ന തർക്കങ്ങളിൽ തീർപ്പു കല്പിക്കുവാൻ ഒരു അന്താരാഷ്ട്രീയ സമുദ്ര നിയമക്കോടതിയെ ഐക്യരാഷ്ട്രസമിതി സ്ഥാപിക്കും. പടിഞ്ഞാറെ ജർമ്മനി സമുദ്രനിയമത്തിൽ ഒപ്പുവെക്കുന്നപക്ഷം ആ രാജ്യത്തിലെ ഹാംബുർഗ് പട്ടണമായിരിക്കും ഈ കോടതിയുടെ ആസ്ഥാനം. അന്താരാഷ്ട്രീയ സമുദ്ര നിയമം ഉണ്ടാക്കാൻ മുൻകൈയെടുത്ത രാജ്യങ്ങളിലൊന്നാണ് അമേ

രിക്ക. എന്നിട്ടും, നിയമം രൂപാന്തരപ്പെട്ടപ്പോൾ അമേരിക്ക അതിൽ ഒപ്പു വെച്ചില്ല.ഈ നിയമപ്രകാരം സമുദ്രഖനനംകൊണ്ടുള്ള മെച്ചം പാവപ്പെട്ട രാജ്യങ്ങൾക്കാണ കൂടുതലായി കിട്ടുക എന്ന കാരണത്താലാണ് അമേരിക്ക ഈ നിയമം സ്വീകരിക്കാത്തത്. അമേരിക്കയുടെ നിർബന്ധപ്രകാരം, പടിഞ്ഞാറെ ജർമനി, ബ്രിട്ടൻ, ഇററലി, ബൽജിയം തുടങ്ങി ഇരുപതോളം രാജ്യങ്ങൾ ഈ നിയമത്തിൽ ഒപ്പുവെച്ചിട്ടില്ല. ഈ നിയമം അനുസരിച്ച് ജമൈക്കയിൽ സ്ഥാപിക്കേണ്ട 'അന്താരാഷ്ട്രീയ-സമുദ്ര-അധികാരസമിതി'യുടെ ചെലവിനുവേണ്ട പണത്തിൽ തങ്ങളുടെ വരി കൊടുക്കുന്നതല്ല എന്നും അമേരിക്ക പ്രഖ്യാപിച്ചിട്ടുണ്ട്.

അമേരിക്ക ഒപ്പുവെച്ചില്ലെങ്കിലും, ഇതിനകം ഒപ്പുവെച്ച അറുപതു രാജ്യങ്ങളുടെ സർക്കാരുകൾ ഔപചാരികമായി അംഗീകരിച്ചുകഴിഞ്ഞാൽ അന്താരാഷ്ട്രീയ സമുദ്രനിയമം നടപ്പിൽ വരും. പിന്നീട് ആ നിയമത്തിനു വിരുദ്ധമായി എടുക്കുന്ന ഏതു നടപടിയും ഐക്യരാഷ്ട്ര സമിതിക്കെതിരായി കണക്കാക്കപ്പെടും.

ക്യൂബയുടെ പ്രതിനിധി പറഞ്ഞതുപോലെ, ഒരു പുതിയ ലോക സാമ്പത്തികക്രമം സ്ഥാപിക്കുന്നതിനുള്ള സമരത്തിൽ ധനികരാജ്യങ്ങൾക്കെതിരെ ദരിദ്രരാജ്യങ്ങൾ നേടുന്ന ആദ്യത്തെ വിജയമാണ് അന്താരാഷ്ട്രീയ സമുദ്രനിയമം.

അതുകൊണ്ടുതന്നെയാണ് അമേരിക്ക അതിലൊപ്പിടാത്തതും, ഒപ്പിടാതിരിക്കാൻ മററു രാജ്യങ്ങളെ പ്രേരിപ്പിക്കുന്നതും.

മുമ്പ് സൈനികശക്തിയുള്ളവർ രാജ്യങ്ങൾ വെട്ടിപ്പിടിച്ചിരുന്നു. ഈ നിയമമാകട്ടെ, തീരദേശരാജ്യങ്ങൾക്ക്, തികച്ചും സമാധാനപരമായി വമ്പിച്ച സാമ്പത്തികപ്രാധാന്യമുള്ള വിശാലങ്ങളായ കടൽപ്പരപ്പുകൾക്കുമേൽ ആധിപത്യം നൽകിയിരിക്കുന്നു.

ഈ നിയമത്തിന്റെ ആനുകൂല്യം ഏററവുമധികം ലഭിച്ചിട്ടുള്ളതു് കാനഡ, യു. എസ്. എ., ദക്ഷിണ അമേരിക്കൻ രാജ്യങ്ങൾ, ചൈന, ഇന്ത്യ, ഇൻഡോനേഷ്യ, ആഫ്രിക്കയിലെ പല രാജ്യങ്ങൾ എന്നിവയ്ക്കാണ്. നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിലതു് കടൽത്തീരമില്ലാത്ത ചില വികസിതരാജ്യങ്ങൾക്കും.

ഇത്ര വിശാലമായ കടൽപ്പരപ്പിനു മീതെ നേടിയ അധികാരം സംരക്ഷിക്കാനാവശ്യമായ ശക്തി, ഇന്ത്യയടക്കമുള്ള തീരദേശരാജ്യങ്ങൾ ഇനിയങ്ങോട്ട് നേടേണ്ടതുണ്ട്. ആഴക്കടലിലെ വിഭവങ്ങൾ ചൂഷണംചെയ്യാനാവശ്യമായ സാങ്കേതികവിദ്യയും ഭരണസംവിധാനവും ഈ രാജ്യങ്ങൾ, കൂട്ടത്തിൽ ഇന്ത്യയും, വളർത്തിയെടുക്കണം. ദക്ഷിണധ്രുവത്തിൽ രണ്ടാമതും ഒരു ഗവേഷണസംഘത്തെ അയച്ച ഇന്ത്യയുടെ ഉദ്ദേശ്യം, ഈ പശ്ചാത്തലത്തിൽ പ്രകടമാണ്.

ആഴക്കടലിലെ ഖനിജവിഭവങ്ങൾ മനുഷ്യവർഗത്തിന്റെ പൊതു സ്വത്താണെന്ന് അംഗീകരിച്ചതാണ് അന്താരാഷ്ട്രീയ സമുദ്രനിയമത്തിന്റെ മറെറാരു വിജയം. അമേരിക്കയെ ശുണ്ഠിപിടിപ്പിച്ചതു് ഈ തത്ത്വമാണ്. സ്വകാര്യക്കമ്പനികളുടെ അനിയന്ത്രിത സമുദ്രചൂഷണാവകാശം ഇതുമൂലം നഷ്ടപ്പെട്ടിരിക്കുന്നു.

അതേതായാലും ഈ നിയമത്തിലൂടെ നാം 'ഏകലോക'സങ്കല്പം യാഥാർത്ഥ്യമാക്കുന്നതിലേക്ക് ഒരടി മുന്നോട്ടു വച്ചിരിക്കുന്നു.

കൂരിരുട്ടിനുള്ളിൽ ഒരു നക്ഷത്രം!

(6 ഫെബ്രുവരി, 1983)